# الصَّوَارِفُ عَنِ الحَقِّ

# സത്യത്തിൽ നിന്ന്
# വഴിതെറ്റിക്കുന്ന കാര്യങ്ങൾ

ഗ്രന്ഥകാരൻ

**ഹമദ് ബ്ൻ ഇബ്റാഹീം അൽ– ഉഥ്മാൻ**

വിവർത്തനവും അടിക്കുറിപ്പുകളും

**അബ്ദുൽ മുഹ്സിൻ അയ്ദീദ്, പൊന്നാനി**

# 3 - ആളുകളെ വിലയിരിത്തുന്നതിൽ സംഭവിക്കുന്ന അബദ്ധം

അസത്യത്തിലേക്ക് ക്ഷണിക്കുന്നവനെ സത്യസന്ധനായും, സത്യത്തിലേക്ക് ക്ഷണിക്കുന്നവനെ കള്ളം പറയുന്നവനായും തെറ്റിദ്ധരിക്കുക എന്നത് സത്യത്തിൽ നിന്ന് വഴിതെറ്റിക്കുന്ന ഗൗരവതരമായ ഒരു കാരണമാണ്. ഇത്തരമാളുകളെ വഴികേടിൽ നിന്ന് സത്യത്തിലേക്ക് കൊണ്ട് വരിക എന്നത് വളരെ പ്രയാസമുള്ള കാര്യമാണ് -അല്ലാഹു ഉദ്ദേശിച്ചവരൊഴികെ-. [1] ഈ പ്രശ്നം ഒരു സമൂഹമെന്ന നിലക്ക് ആദ്യം ബാധിച്ചത് ഖവാരിജുകളെ ആയിരുന്നു.

ശൈഖുൽ ഇസ്ലാം ഇബ്നു തൈമിയ്യ(റ) പറയുന്നു : "(സുന്നത്തുകളെയും ബിദ്അത്തുകളെയും വേർതിരിച്ചറിയുക എന്ന ഈ വിഷയത്തിൽ) അധിക ജനങ്ങളും അങ്കലാപ്പിലായിരിക്കുന്നു. എല്ലാ കക്ഷികളും തങ്ങളുടെ വഴിയാണ് സുന്നത്തെന്നും, തങ്ങളുടെ എതിരാളിയുടെ വഴി ബിദ്അത്താണെന്നും, തങ്ങളെ എതിർക്കുന്നവർ മുബ്തദിഉകളാണെന്നും വിധി പുറപ്പെടുവിക്കുന്നു. [2] അല്ലാഹുവിന് മാത്രം എണ്ണിക്കണക്കാകാൻ കഴിയുന്നത്രയനേകം തിന്മകൾ ഇക്കാരണത്താൽ ഉടലെടുക്കുന്നുണ്ട്.

ഈ വിഷയത്തിൽ ആദ്യമായി വഴിപിഴച്ചത് ദീനിൽ നിന്ന് തെറിച്ചു പോയ ഖവാരിജുകളാണ്. അല്ലാഹുവിന്റെ ഖുർആനും, നബിﷺയുടെ സുന്നത്തും മുറുകെ പിടിക്കുന്നവർ തങ്ങൾ മാത്രമാണെന്നും, അലിയും മുആവിയയും(റ) അവരുടെ പടയാളികളും തിന്മകളുടെയും ബിദ്അത്തുകളുടെയും ആളുകളാണെന്നും അവർ സ്വയം വിധി പ്രഖ്യാപിച്ചു. ആ വഴിയിലൂടെ മുസ്ലിംകളിൽ നിന്ന് (മറ്റൊരു മുസ്ലിമിന് നിഷിദ്ധമായ രക്തം, അഭിമാനം, സമ്പാദ്യം എന്നിങ്ങനെയുള്ള കാര്യങ്ങൾ ഹനിക്കൽ) അവർ അനുവദനീയമാക്കി.

യാഥാർഥ്യങ്ങളെ ഇത്തരക്കാർ എങ്ങനെയാണ് കൂട്ടിക്കുഴക്കുന്നത് എന്ന് ശൈഖുൽ ഇസ്ലാം ഇബ്നു തൈമിയ്യ വ്യക്തമാക്കി : "പല വിഷയങ്ങളിലും സുന്നത്തിനെയും ബിദ്അത്തിനെയും കൂട്ടിക്കുഴച്ചതിന് ശേഷം, മുൻഗാമികളായ ഇമാമുമാർ ബിദ്അത്തുകാരെ ആക്ഷേപിച്ചു കൊണ്ടും അവരെ ശിക്ഷിക്കുകയും അകറ്റിനിർത്തുകയും ചെയ്യേണ്ടതിനെ കുറിച്ചും പറഞ്ഞ വാക്കുകൾ അവരെ പിൻപറ്റുന്നുവെന്നും അന്ധമായി അനുകരിക്കുന്നെന്നും അവകാശപ്പെടുന്ന ആളുകൾ എടുക്കുന്നത് കാണാം. [3] ഇമാമുമാർ ആക്ഷേപിച്ച ബിദ്അത്തുകളെ സുന്നത്തുകളാക്കിയും, അവർ പ്രശംസിച്ച സുന്നത്തുകളെ ബിദ്അത്തുകളാക്കിയും ചിത്രീകരിച്ചതിന് ശേഷം, അതിന്റെ അടിസ്ഥാനത്തിൽ (തങ്ങൾ ബിദ്അത്തെന്ന് വിശേഷിപ്പിച്ച ശരിയായ സുന്നത്ത് പ്രവർത്തിക്കുന്നവനെ) ബിദ്അത്തുകാരനെന്നും മറ്റും ഇത്തരക്കാർ ആക്ഷേപിക്കുന്നു.

---

[1] കേരളത്തിൽ തന്നെ ഇതിന് ധാരാളം ഉദാഹരണങ്ങൾ കാണാൻ കഴിയും. ഒരു മുസ്ലിമിന് ഒരിക്കലും ചിന്തിക്കാൻ പോലും കഴിയാത്ത കുഫ്ർ പരസ്യമായി പറഞ്ഞാലും, നബി(സ)യുടെ പേരിൽ ആർക്കും ചിന്തിച്ചാൽ വ്യക്തമാകുന്ന ഗൗരവതരമായ കളവുകൾ പറഞ്ഞിട്ടും കള്ളന്മാരും, മതത്തിന്റെ ശത്രുക്കളുമായ സൂഫീ നേതാക്കന്മാരെ പ്രവാചകതുല്യം സ്നേഹിക്കുന്ന എത്രയോ പേരെ കേരളത്തിൽ കാണാം. അല്ലാഹു അവർക്ക് ഹിദായത്ത് നൽകുമാറാകട്ടെ.

[2] ഇന്ന് ഈ പ്രശ്നത്തിൽ നിന്ന് രക്ഷപ്പെട്ടവർ നമ്മളിൽ എത്ര പേരുണ്ടാകുമെന്ന് ഓരോരുത്തരും ചിന്തിക്കുക.

[3] മേൽ പറഞ്ഞ കാര്യം ഏറിയും കുറഞ്ഞും നമ്മുടെ നാട്ടിലുള്ള ചിലരിൽ കാണപ്പെടാറുണ്ട്. തങ്ങളോട് യോജിക്കാത്തവർക്ക് മുബ്തദിഅ് എന്ന പേര് ചാർത്തി നൽകിയതിന് ശേഷം, ബിദ്അത്തുകാരെ ആക്ഷേപിക്കേണ്ടതിന്റെ ആവശ്യകത വ്യക്തമാക്കിയ പണ്ഡിതന്മാരുടെ വാക്കുകൾ കൂടി ചേർത്തു പറഞ്ഞ് എതിരാളികളെ ഖണ്ഡിക്കുകയും, അകറ്റിനിർത്തുകയും, അവരുടെ അഭിമാനം വ്രണപ്പെടുത്തുകയും ചെയ്യുന്നവർ ഈ വാക്കുകളെ കുറിച്ച് ചിന്തിച്ചിരുന്നെങ്കിൽ!!

ഇപ്രകാരം തങ്ങളുടെ ഇമാമുമാരുടെ മാർഗത്തിനോട് എതിരാവുകയും, സ്വയം ബിദ്അത്തിൽ ആപതിക്കുകയുമാണ് ഇത്തരക്കാർ ചെയ്യുന്നത്. ഇമാമുമാർ ശത്രുത കൽപ്പിക്കണമെന്ന് ഓർമ്മപ്പെടുത്തിയ മുബ്തദിഉകളെ സ്നേഹിക്കുകയും, അവരോട് അടുപ്പം വെച്ചു പുലർത്തുകയും ചെയ്യുന്ന സ്ഥിതിയിലേക്ക് ഇതിലൂടെ അവർ എത്തിച്ചേരുന്നു. (അവർ പറയുന്നതാണ് ശരിയെങ്കിൽ) തങ്ങളുടെ ഇമാമുമാരെ തന്നെ കാഫിറെന്ന് വിളിക്കുകയും, അവരെ ശപിക്കുകയും ചെയ്യൽ ഇവരുടെ മേൽ നിർബന്ധമാകും.

മുബ്തദിഉകളെ ശപിക്കുമ്പോൾ ചിലപ്പോൾ ആ ശാപം തങ്ങളുടെ മേൽ തന്നെയാണ് വന്നു വീഴുന്നതെന്നും, തങ്ങൾ ശപിക്കുന്ന സത്യവിശ്വാസിയെ അത് ബാധിക്കുന്നില്ലെന്നും (അവർ തിരിച്ചറിയുന്നില്ല).

നബിﷺ പറഞ്ഞ വാക്കുകൾ ഇതിനോട് ചേർത്തു വായിക്കാവുന്നതാണ്: "അല്ലാഹു മുഷ്രിക്കുകളുടെ ആക്ഷേപത്തിൽ നിന്ന് എന്നെ എങ്ങനെയാണ് രക്ഷിച്ചതെന്ന് നിങ്ങൾ കാണുന്നില്ലേ? അവർ ചീത്ത വിളിക്കുന്നത് മുദമ്മമിനെയാണ് [4] (ആക്ഷേപിക്കപ്പെട്ടവൻ). ഞാനാകട്ടെ (എന്റെ പേര്) മുഹമ്മദാണ്." [5]

എന്നാൽ മേലെ സൂചിപ്പിച്ച വിഭാഗം ഇതിന് നേരെ എതിരാണ്. മറ്റുള്ളവരെ ഉദ്ദേശിച്ചു കൊണ്ട് ബിദ്അത്തുകാരെ ചീത്ത പറയുമ്പോൾ യഥാർത്ഥത്തിൽ അവർക്ക് തന്നെയാണ് അത് ബാധിക്കുന്നത്. സ്വയം അതിക്രമിയോ, അതിക്രമികളിൽ പെട്ടവനോ ആയ ഒരു വ്യക്തി അതിക്രമികൾക്കെതിരെ ശാപം ചൊരിഞ്ഞാൽ എങ്ങനെയിരിക്കും?!

﴿ أَفَمَن زُيِّنَ لَهُۥ سُوٓءُ عَمَلِهِۦ فَرَءَاهُ حَسَنًا ﴾فاطر: ٨

അല്ലാഹു പറഞ്ഞു : "എന്നാൽ തന്റെ ദുഷ്പ്രവൃത്തികൾ അലംകൃതമായി തോന്നിക്കപ്പെടുകയും, അങ്ങനെ അത് നല്ലതായി കാണുകയും ചെയ്തവന്റെ കാര്യമോ?" (സൂറത്തുൽ ഫാത്വിർ: 8.)

മേൽ പറഞ്ഞതിൽ ഇത്തരക്കാരും ഉൾപ്പെടു ന്നതാണ്." [6]

ശൈഖുൽ ഇസ്ലാം തന്നെ പറയുന്നു : "തങ്ങളാണ് സത്യത്തിന്റെ വക്താക്കൾ, തങ്ങളാണ് അല്ലാഹുവിന്റെ ആളുകൾ, തങ്ങളാണ് അല്ലാഹുവിന്റെ ഔലിയാക്കൾ എന്നിങ്ങനെയുള്ള അവകാശവാദങ്ങൾ ദേഹേഛയുടെയും വഴികേടിന്റെയും വക്താക്കളായ അനേകം കക്ഷികളുടെ അടുക്കൽ കാണാം. [7] ഇത്തരം വിശേഷണങ്ങളെല്ലാം തങ്ങൾക്ക് മാത്രം യോജിക്കുന്നതും, മറ്റൊരാൾക്കും പാടില്ലെന്നുമുള്ള നിലയിലേക്ക് അവരുടെ കാര്യം എത്തിയിരിക്കുന്നു. യഥാർഥത്തിൽ അല്ലാഹുവിന്റെ ശത്രുക്കളോടാണ് അവർക്ക് കൂടുതൽ അടുപ്പമുള്ളത്.

---

[4] പ്രശംസിക്കപ്പെടുന്നവൻ എന്ന ആശയം വരുന്ന മുഹമ്മദ് എന്ന പേര് നബി(സ)യോടുള്ള അങ്ങേയറ്റത്തെ ദേഷ്യം കാരണത്താൽ മുഷ്രിക്കുകൾ പറഞ്ഞിരുന്നില്ല. മുഹമ്മദ് എന്ന പേര് പറയുന്നതിന് പകരം അതിന് നേരെ എതിരായ മുദമ്മം എന്ന പേരാണ് അവിടുത്തേക്ക് അവർ ചാർത്തി നൽകിയത്. അല്ലാഹു മുദമ്മമിനെ ശപിക്കട്ടെ എന്നോ, മുദമ്മം കള്ളനാണ് എന്നോ പറയുമ്പോൾ ആ ആക്ഷേപങ്ങൾ മുഹമ്മദ് എന്ന പേരുള്ള നബി(സ)യുടെ മേലല്ലോ ചെന്നു പതിക്കുന്നത്?! അവരെക്കൊണ്ട് അപ്രകാരം പ്രവർത്തിപ്പിച്ചതിലൂടെ അല്ലാഹു നബി(സ)യുടെ പേര് ആക്ഷേപിക്കപ്പെടുന്നതാക്കിയില്ലെന്നാണ് ഈ ഹദീഥിന്റെ ഉദ്ദേശം. (നോക്കുക: അൽ-ഫത്ഹ്: 6/558.)

[5] നസാഈ: 3438, അൽബാനി സ്വഹീഹ് എന്ന് വിലയിരുത്തി.

[6] അൽ-ഇസ്തിഖാമ: 1/14 (വിവർത്തനത്തിന്റെ എളുപ്പത്തിന് വേണ്ടി ചെറിയ ചില മാറ്റങ്ങൾ വരുത്തിയിട്ടുണ്ട്.

[7] ഒരിക്കൽ ഒരാൾ പറയുന്നത് കേട്ടു: "ഇന്ന സംഘടനയുടെ ഏതെങ്കിലും ഒരു പ്രവർത്തകനെ അക്രമിക്കുന്നയാൾ അല്ലാഹുവിന്റെ വലിയ്യിനെയാണ് ആക്രമിക്കുന്നത്!!" ആ വാക്കും മേൽ പറഞ്ഞതും തമ്മിലുള്ള ബന്ധം ചിന്തിക്കുക!

സത്യത്തെ നശിപ്പിക്കുന്നതിനോടാണ് സത്യത്തെ ജീവിപ്പിക്കുന്നതിനെക്കാൾ അവർക്ക് എത്രയോ അധികം സാമീപ്യമുള്ളത്.

അല്ലാഹു യഹൂദ-ക്രൈസ്തവരെ കുറിച്ച് പറഞ്ഞത് ഇവരുടെ കാര്യത്തിൽ വളരെയധികം സാദൃശ്യം വെച്ചു പുലർത്തുന്നത്.

﴿ وَقَالُواْ لَن يَدْخُلَ ٱلْجَنَّةَ إِلَّا مَن كَانَ هُودًا أَوْ نَصَٰرَىٰ ۗ تِلْكَ أَمَانِيُّهُمْ ۗ قُلْ هَاتُواْ بُرْهَٰنَكُمْ إِن كُنتُمْ صَٰدِقِينَ ﴿١١١﴾ بَلَىٰ مَنْ أَسْلَمَ وَجْهَهُۥ لِلَّهِ وَهُوَ مُحْسِنٌ فَلَهُۥٓ أَجْرُهُۥ عِندَ رَبِّهِۦ وَلَا خَوْفٌ عَلَيْهِمْ وَلَا هُمْ يَحْزَنُونَ ﴿١١٢﴾ وَقَالَتِ ٱلْيَهُودُ لَيْسَتِ ٱلنَّصَٰرَىٰ عَلَىٰ شَىْءٍ وَقَالَتِ ٱلنَّصَٰرَىٰ لَيْسَتِ ٱلْيَهُودُ عَلَىٰ شَىْءٍ وَهُمْ يَتْلُونَ ٱلْكِتَٰبَ ۗ كَذَٰلِكَ قَالَ ٱلَّذِينَ لَا يَعْلَمُونَ مِثْلَ قَوْلِهِمْ ۚ فَٱللَّهُ يَحْكُمُ بَيْنَهُمْ يَوْمَ ٱلْقِيَٰمَةِ فِيمَا كَانُواْ فِيهِ يَخْتَلِفُونَ ﴿١١٣﴾ ﴾ البقرة: ١١١ - ١١٣

അല്ലാഹു പറഞ്ഞു : " സ്വർഗത്തിൽ പ്രവേശിക്കണമെങ്കിൽ യഹൂദരോ ക്രിസ്ത്യാനികളോ ആവാതെ പറ്റില്ലെന്നാണ് അവർ പറയുന്നത്. അതൊക്കെ അവരുടെ വ്യാമോഹങ്ങളത്രെ. എന്നാൽ പറയുക; നിങ്ങൾ സത്യവാൻമാരാണെങ്കിൽ നിങ്ങൾക്ക് കിട്ടിയ തെളിവ് കൊണ്ടു വരൂ. എന്നാൽ (കാര്യം) അങ്ങനെയല്ല. ഏതൊരാൾ സൽകർമ്മകാരിയായിക്കൊണ്ട് അല്ലാഹുവിന്ന് ആത്മസമർപ്പണം ചെയ്തുവോ അവന്ന് തന്റെ രക്ഷിതാവിങ്കൽ അതിന്റെ പ്രതിഫലം ഉണ്ടായിരിക്കുന്നതാണ്. അത്തരക്കാർക്ക് യാതൊന്നും ഭയപ്പെടേണ്ടതില്ല; അവർ ദുഃഖിക്കേണ്ടി വരികയുമില്ല. യഹൂദൻമാർ പറഞ്ഞു; ക്രിസ്ത്യാനികൾക്ക് യാതൊരു അടിസ്ഥാനവുമില്ലെന്ന്. ക്രിസ്ത്യാനികൾ പറഞ്ഞു; യഹൂദൻമാർക്ക് യാതൊരു അടിസ്ഥാനവുമില്ലെന്ന്. അവരെല്ലാവരും വേദഗ്രന്ഥം പാരായണം ചെയ്യുന്നവരാണ് താനും. അങ്ങനെ ഇവർ പറഞ്ഞത് പോലെ തന്നെ വിവരമില്ലാത്ത ചിലരൊക്കെ പറഞ്ഞിട്ടുണ്ട്. എന്നാൽ അവർ തമ്മിൽ ഭിന്നിക്കുന്ന വിഷയങ്ങളിൽ ഉയിർത്തെഴുന്നേൽപിന്റെ നാളിൽ അല്ലാഹു അവർക്കിടയിൽ തീർപ്പുകൽപിക്കുന്നതാണ്." (അൽ-ബഖറ: 111-113)

അല്ലാഹു പറഞ്ഞു : "യഹൂദരും ക്രിസ്ത്യാനികളും പറഞ്ഞു: ഞങ്ങൾ അല്ലാഹുവിന്റെ മക്കളും അവന്ന് പ്രിയപ്പെട്ടവരുമാകുന്നു എന്ന്. പറയുക: പിന്നെ എന്തിനാണ് നിങ്ങളുടെ കുറ്റങ്ങൾക്ക് അല്ലാഹു നിങ്ങളെ ശിക്ഷിക്കുന്നത്? അങ്ങനെയല്ല; അവന്റെ സൃഷ്ടികളിൽ പെട്ട മനുഷ്യർ മാത്രമാകുന്നു നിങ്ങൾ. അവൻ ഉദ്ദേശിക്കുന്നവർക്ക് അവൻ പൊറുത്തുകൊടുക്കുകയും, അവൻ ഉദ്ദേശിക്കുന്നവരെ അവൻ ശിക്ഷിക്കുകയും ചെയ്യും. ആകാശങ്ങളുടെയും, ഭൂമിയുടെയും, അവയ്ക്കിടയിലുള്ളതിന്റെയും എല്ലാം ആധിപത്യം അല്ലാഹുവിനത്രെ. അവങ്കലേക്ക് തന്നെയാണ് മടക്കം." (അൽ-മാഇദ: 18)

(തങ്ങളുടെ നിലപാടിനോട് എതിരാകുന്നവരെ മുഴുവൻ തള്ളുന്ന മേൽ പറഞ്ഞ കക്ഷികളളെക്കാൾ) അത്ഭുതമുണ്ടാക്കുന്നത് (അഖീദയുടെ അടിസ്ഥാന വിഷയങ്ങളിൽ) വ്യക്തമായ നിലപാടില്ലാത്ത വാഖിഫ [8] കക്ഷികളെപ്പോലെയുള്ളവർ തങ്ങളുടെ എതിരാളികളെ മുബ്തദിഉകൾ എന്ന് വിശേഷിപ്പിക്കുന്നതിലാണ്." [9]

---

[8] വാഖിഫ എന്ന കക്ഷിയെ സംബന്ധിച്ച് ഹാഫിദ് അൽ-ഹകമി(റ) പറഞ്ഞു : "വിശുദ്ധ ഖുർആനിനെ സംബന്ധിച്ച് അല്ലാഹുവിന്റെ കലാമാണെന്നോ, അവന്റെ സൃഷ്ടിയാണെന്നോ പറയാതെ ഒരു നിലപാടും സ്വീകരിക്കാതിരുന്ന കക്ഷിയാണ് വാഖിഫഃ. ഇമാം അഹ്മദ്(റ) പറഞ്ഞു : "മതവുമായി ബന്ധപ്പെട്ട വിഷയങ്ങളിൽ നന്നായി സംസാരിക്കുന്നവനാണ് ഇപ്രകാരം പറയുന്നതെങ്കിൽ യഥാർഥത്തിൽ അവൻ ജഹ്മിയാണ്. എന്നാൽ മതത്തിൽ

ഈ കക്ഷിയെ (വാഖിഫ) കുറിച്ച് ഇമാം അദ്ദാരിമി(റ) പറഞ്ഞു : "അഭിപ്രായവ്യത്യാസമുള്ള വിഷയങ്ങളിൽ രണ്ടിലൊരു നിലപാടും സ്വീകരിച്ചില്ലെന്നതിന് [10] പുറമെ ഈ വിഭാഗം ഏതെങ്കിലുമൊരു നിലപാട് സ്വീകരിച്ചവരെ ബിദ്അത്തിന്റെ ആളുകളെന്ന് ആക്ഷേപിക്കുകയും ചെയ്തു.

അപ്പോൾ ഈ വിഭാഗത്തോട് നാം (അഹ്ലുസ്സുന്ന) പറഞ്ഞു: അഭിപ്രായവ്യത്യാസമുള്ള വിഷയത്തിൽ സത്യമെന്താണെന്ന് മനസ്സിലാക്കുന്നതിന് മുൻപ് നിങ്ങൾ മറ്റുള്ളവരെ മുബ്തദിഅ് എന്ന് വിളിക്കുന്നത് അതിക്രമവും അനീതിയുമാണ്. കാരണം രണ്ട് കക്ഷികളിൽ ആരാണ് സത്യത്തിന്റെയും സുന്നത്തിന്റെയും ഭാഗത്ത് എന്ന് നിങ്ങൾക്ക് മനസ്സിലായിട്ടില്ല.

ബിദ്അത്തെന്നാൽ വളരെ ഗൗരവമുള്ള കാര്യമാണ്. അതിലേക്ക് ചേർക്കപ്പെടുന്നവൻ മുസ്‌ലിംകൾക്കിടയിൽ വളരെ മോശം അവസ്ഥയിലാണ് പരിഗണിക്കപ്പെടുക. ഈ രണ്ടു കക്ഷികളിൽ ഒരു വിഭാഗം പറയുന്നത് സത്യമോ അസത്യമോ എന്ന് വേർതിരിച്ച് മനസ്സിലാക്കുന്നതിന് മുൻപ് നിങ്ങൾ ബിദ്അത്തുകാരൻ എന്നാക്ഷേപിച്ച് കൊണ്ട് ധൃതി പിടിക്കാതിരിക്കുക.

ഒരു വിഭാഗം പറഞ്ഞ വാദം സത്യമാണോ അല്ലേ എന്ന് മനസ്സിലാക്കുന്നതിന് മുൻപ് എങ്ങനെയാണ് അവരെ നിങ്ങൾ ബിദ്അത്തുകാർ എന്ന് വിളിക്കുക. കാരണം നിങ്ങളുടെ വാദപ്രകാരം ഖുർആൻ സൃഷ്ടിയാണെന്ന് വാദിക്കുന്നവരോടോ, ഖുർആൻ അല്ലാഹുവിന്റെ സംസാരമാണെന്ന് പറയുന്നവരോടോ നീ പറഞ്ഞതിൽ സത്യമില്ലെന്നോ, നീ പറഞ്ഞത് പോലെയല്ല കാര്യമെന്ന് പറയലോ നിങ്ങൾക്ക് അനുവദനീയമല്ല.

തങ്ങൾ ആക്ഷേപിക്കുന്ന കക്ഷി പറഞ്ഞത് സത്യമാണോ അല്ലേ എന്ന് പോലും അറിയാതെ അവരെ ബിദ്അത്തുകാരെന്ന് മുദ്ര കുത്തുന്നവരെക്കാൾ തന്റെ നിലപാടിൽ വിഢിത്തവും അറിവില്ലായ്മയും നിറച്ചു വെച്ചിരിക്കുന്നവൻ മറ്റാരാണുള്ളത്?! ... ഇത് വ്യക്തമായ വഴികേടും, ചെറുതല്ലാത്ത അജ്ഞതയും തന്നെയാണ്." (അൽ-റദ്ദു അലൽ ജഹ്മിയ്യ: 102-103.)

ഹാഫിദ് അദ്ദഹബി(റ) (വഴിപിഴച്ചവനും, നിഷേധിയും സൂഫിയുമായ) അബൂ ഹയ്യാൻ അത്തൗഹീദിയുടെ ജീവചരിത്രം എഴുതിയ വേളയിൽ അദ്ദേഹത്തിന്റെ (അബൂ ഹയ്യാന്റെ) ഈ വാക്ക് എടുത്തു കൊടുത്തു: "ജനങ്ങൾ ധാരണകളുടെ കീഴിൽ കാലം കഴിച്ചു കൂട്ടി, സത്യം അവരോടൊപ്പമാണെന്ന് അവർ കരുതുന്നു. എന്നാൽ സത്യമാകാട്ടെ അവരുടെ പിന്നിലാണ്."

ഈ വാക്കിനെ ഖണ്ഡിച്ചു കൊണ്ട് ഇമാം ദഹബി(റ) പറഞ്ഞു: "എങ്കിൽ താങ്കൾ അത്തരക്കാരുടെ പതാകവാഹകനാണ്!!" (സിയറു അഅ്ലാമിന്നുബലാഅ്: 17/122)

---

വിവരമില്ലാത്ത സാധാരണക്കാരനാണെങ്കിൽ അവന് തെളിവുകൾ വിശദമാക്കി നൽകണം. എന്നിട്ടും അവൻ ഖുർആൻ അല്ലാഹുവിന്റെ സംസാരമാണെന്നും, സൃഷ്ടിയല്ലെന്നും വ്യക്തമാക്കുന്നില്ലെങ്കിൽ അവൻ ജഹ്മിയ്യാക്കളെക്കാൾ മോശം അവസ്ഥയിലാണ്." (അഅ്ലാമുസ്സുന്നത്തിൽ മൻഷൂറ: 96.)

[9] അത്തിസ്ഈനിയ്യ: 3/905-906.

[10] ജനങ്ങളിൽ ഇപ്പോൾ ഇത്തരക്കാരെ ധാരാളമായി കാണാൻ തുടങ്ങിയിരിക്കുന്നു. മതത്തിലെ അടിസ്ഥാനപരമായ വിഷയങ്ങളായ തൗഹീദുൽ അസ്മാഇവസ്സ്വിഫാത്ത്, ഈമാൻ, ദഅ്വത്ത് പോലുള്ള പല വിഷയങ്ങളിലും തങ്ങളുടെ നിലപാട് വ്യക്തമാക്കുകയില്ലെന്നതിന് പുറമേ, അതൊന്നും ചർച്ച ചെയ്യാതിരിക്കുക, ആരെങ്കിലുമൊട്ടു ചർച്ച ചെയ്താൽ അതൊന്നും പ്രാധാന്യമുള്ള വിഷയമല്ലെന്നുള്ള നിരുത്സാഹപ്പെടുത്തൽ എന്നിവ ഇത്തരക്കാരിൽ കാണാൻ കഴിയും.